**സബ്മിഷൻ**

<u>മി. സ്പീക്കർ:</u> ഇന്ന് 35 സബ്മിഷനുകളുണ്ട്. ഉത്തരങ്ങൾ മേശപ്പുറത്ത് വയ്ക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിമാരോട് അഭ്യർത്ഥിക്കാനുള്ളത്. ഒരു മിനിറ്റിനുള്ളിൽ ക്രസ്റ്റ് മാത്രം പറയാൻ ശ്രമിക്കണമെന്നാണ് അംഗങ്ങളോടും പറയാനുള്ളത്.

**(1) <u>കണ്ണൂർ വിമാനത്താവള വികസനം</u>**

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:</u> സർ, കണ്ണൂർ വിമാനത്താവളവുമായി ബന്ധപ്പെട്ട വളരെ പ്രാധനപ്പെട്ട രണ്ട് വിഷയങ്ങളാണ് ഉന്നയിക്കാനുള്ളത്. ഒന്ന്, point of call കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിരന്തരം ഇടപെട്ടുകൊണ്ടിരിക്കുകയാണ്. അങ്ങനെയെങ്കിൽ ആഭ്യന്തര സർവ്വീസ് വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കാൻ കഴിയുമോ; രണ്ട്, റൺവേ എക്സ്റ്റൻഷനുവേണ്ടി ഭൂമി ഏറ്റെടുക്കാൻ തീരുമാനിക്കുകയും നോട്ടിഫിക്കേഷനുമൊക്കെ ആയി. 5-8 വർഷമായി നാട്ടുകാരുടെ വസ്തുവിന്റെ ആധാരം ഗവൺമെന്റിൽ നിക്ഷിപ്തമായിരിക്കുകയാണ്. 245 ഏക്കർ ഭൂമി കീഴല്ലൂർ, കാനാട് മേഖലയിലുള്ളത് അടിയന്തരമായി ഏറ്റെടുത്തില്ലെങ്കിൽ

ഗുരുതരമായ പ്രശ്നങ്ങളുണ്ടാകും. 162 കുടുംബങ്ങളെ പുനരധിവസിപ്പിക്കേണ്ടതുണ്ട്. അതിൽ 12 വീടുകൾ പൂർണ്ണമായും തകർന്നിരിക്കുകയാണ്. നാട്ടുകാർ സമരമൊക്കെ പ്ലാൻ ചെയ്തിരിക്കുകയാണ്. വളരെവേഗം പ്രശ്നത്തിന് പരിഹാരം കാണാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, മറുപടി സഭയുടെ മേശപ്പുറത്തുവയ്ക്കുന്നു.+

## (2) പോലീസ് സ്റ്റേഷൻ നിർമ്മാണം

ശ്രീ. മാത്യു ടി. തോമസ്: സർ, എന്റെ മണ്ഡലത്തിലെ പുളിക്കീഴ് പോലീസ് സ്റ്റേഷൻ നിർമ്മാണത്തിന് 2021-ൽ ഭരണാനുമതി ലഭിച്ചതാണ്. കെട്ടിട നിർമ്മാണം ആരംഭിച്ചെങ്കിലും വിവിധ ഘട്ടങ്ങളിലായി പണം അനുവദിക്കുന്നതുമൂലം ഘട്ടംഘട്ടമായി എ.എസ്.-ഉം ടി.എസ്.-ഉം കൊടുത്ത് ഘട്ടംഘട്ടമായി ടെണ്ടർ ചെയ്യുകയാണ്. ഒന്നാം ഘട്ടത്തിൽ 28 പൈലുകൾ മാത്രമാണ് പണിതത്. രണ്ടാം ഘട്ടത്തിൽ 24 പൈലുകൾ. ഇങ്ങനെ പല തവണ ടെണ്ടർ ചെയ്യുന്നതിനാൽ കെട്ടിട നിർമ്മാണത്തിന്റെ വേഗതയും

---

\+ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഗുണനിലവാരവും കുറയുന്നു. ശേഷിക്കുന്നവ ഒരുമിച്ച് ടെണ്ടർ ചെയ്ത് പണി പൂർത്തീകരിക്കാൻ ആവശ്യമായ പണം അനുവദിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, മറുപടി സഭയുടെ മേശപ്പുറത്തുവയ്ക്കുന്നു.+

## (3) പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണ പൂർത്തീകരണം

ശ്രീ. ലിന്റോ ജോസഫ്: സർ, എന്റെ നിയോജക മണ്ഡലത്തിലെ മുക്കം പോലീസ് സ്റ്റേഷൻ നാല് പതിറ്റാണ്ടിലേറെ പഴക്കമുള്ളതാണ്. കെട്ടിടം അപകടകരമായ അവസ്ഥയിലാണുള്ളത്. ഇത് മനസ്സിലാക്കിയാണ് 2018-19-ൽ സംസ്ഥാന ആഭ്യന്തര പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 1.98 കോടി രൂപ അനുവദിച്ചത്. എന്നാൽ പിന്നീട് ഉണ്ടായ പ്രളയത്തെ തുടർന്ന് ഈ ഫണ്ട് വിത്ത്ഡ്രാ ചെയ്യുന്ന സാഹചര്യമുണ്ടായി. പ്രഖ്യാപിച്ച് ടെണ്ടർ ചെയ്ത പദ്ധതിയെന്ന നിലയിൽ എം.എൽ.എ. ഫണ്ടിൽനിന്നും 2.25 കോടി മുടക്കിയാണ് പ്രസ്തുത കെട്ടിടത്തിന്റെ പണി പൂർത്തീകരിക്കുന്ന ഘട്ടത്തിലേയ്ക്ക് എത്തിയത്. എന്നാൽ പണി പൂർത്തീകരിക്കാൻ ഇനിയും 2.5 കോടി

---
\+ അനുബന്ധമായി ചേർത്തിരിക്കുന്നു.

ത്രുപകൂടി വേണമെന്നാണ് ആവശ്യപ്പെടുന്നത്. ഒരു കാരണവശാലും എം.എൽ.എ. ഫണ്ടിൽനിന്നും ഇനിയും പണം കൊടുക്കാൻ സാദ്ധ്യമാകില്ല. സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽനിന്നും പണം അനുവദിക്കാനുള്ള ഇടപെടലുണ്ടാകണം. അപേക്ഷ കൊടുക്കുന്ന ഘട്ടത്തിലെല്ലാം എം.എൽ.എ. ഫണ്ട് ഉപയോഗപ്പെടുത്തി ചെയ്തതുകൊണ്ട് ക്ലബ്ബിംഗ് അനുവദിക്കില്ലെന്ന നിലയിലാണ് പറയുന്നത്. ആവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, തുടർ നടപടി സ്വീകരിച്ചുവരികയാണ്. വിശദമായ മറുപടി സഭയുടെ മേശപ്പുറത്തുവയ്ക്കുന്നു.+

## (4) പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരമുള്ള ജലലഭ്യത

ശ്രീ. കെ. ബാബു (നെന്മാറ): സർ, 65 വർഷവും രണ്ട് ടേമുമായി പുതുക്കേണ്ട പറമ്പിക്കുളം-ആളിയാർ കരാർ പുതുക്കിയിട്ടില്ല. അത് പുതുക്കാൻ ആവശ്യമായ നടപടി ഉണ്ടാകണമെന്നതാണ് ഒന്നാമത്തെ കാര്യം. മഴയും വെള്ളവും ലഭിക്കാത്തതുകൊണ്ട് ചിറ്റൂർ മേഖലയിൽ 129 ഹെക്ടർ ഒന്നാം വിള നെൽകൃഷി ഇറക്കിയില്ല. ഒന്നാം വിള ഇറക്കിയിടത്തുതന്നെ 179 ഹെക്ടർ

+ അനുബന്ധമായി ചേർത്തിരിക്കുന്നു.

നെൽകൃഷിയാണ് ചിറ്റൂർ മേഖലയിൽ മാത്രം നാശം നേരിടേണ്ടി വന്നത്. പാലക്കാട്, മലപ്പുറം, തൃശ്ശൂർ ജില്ലകളിൽ പറമ്പിക്കുളം-ആളിയാർ കരാറിന്റെ ഭാഗമായുള്ള വെള്ളവും മഴയും ലഭിക്കാത്തതുകൊണ്ട് കാർഷിക മേഖലയ്ക്കും കുടിവെള്ളത്തിനും വലിയ തോതിലുള്ള പ്രതിസന്ധിയാണ് നേരിടാൻ പോകുന്നത്. അതുകൊണ്ട് അടിയന്തരമായി 7.25 ടി.എം.സി.-യിൽ ഈ കാലയളവിൽ ലഭിക്കേണ്ട 510 cusecs വെള്ളത്തിന് പകരം 250 cusecs വെള്ളം മാത്രമാണ് അവർ നൽകിയിട്ടുള്ളത്. ഈ മാസം ലഭിക്കേണ്ടത് 700 cusecs വെള്ളമാണ്. ആ വെള്ളം ലഭിക്കാനായി അടിയന്തരമായി ഇടപെടണമെന്നും കരാർ പുതുക്കാനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഇടപെടണമെന്നമാണ് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സ്വീകരിക്കുന്ന നടപടി അടങ്ങിയ മറുപടി സഭയുടെ മേശപ്പുറത്തുവയ്ക്കുന്നു.+

\+ അനുബന്ധമായി ചേർത്തിരിക്കുന്നു.

## (5) കിൻഫ്ര വ്യവസായ പാർക്കിന് ഭൂമി ഏറ്റെടുക്കൽ

ശ്രീ. കെ. പി. മോഹനൻ: സർ, പുതിയ വ്യവസായങ്ങൾ തുടങ്ങാനും പുതിയ തലമുറയ്ക്ക് വ്യവസായ സംരംഭങ്ങൾ തുടങ്ങാനും കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ കിൻഫ്ര വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് ചെറുവാഞ്ചേരി, പുത്തൂർ, മൊകേരി വില്ലേജുകളിലായി 506 ഏക്കർ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് ഭൂമി ഏറ്റെടുക്കൽ നിയമത്തിലെ സെക്ഷൻ 2(1) പ്രകാരം വിജ്ഞാപനം 2021 നവംബർ 30-ന് പ്രസിദ്ധീകരിച്ചതാണ്. പക്ഷെ, ഭൂമി ഏറ്റെടുക്കൽ നല്ല നിലയിലല്ല മുന്നോട്ടുപോകുന്നത്. ഭൂമി ഏറ്റെടുക്കാൻ വിജ്ഞാപനം പുറപ്പെടുവിച്ചതിനാൽ ഭൂമിയുടെ ഉടമസ്ഥർക്ക് പ്രസ്തുത ഭൂമി കൈമാറ്റം ചെയ്യാനും സാദ്ധ്യമല്ലല്ലോ; ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും യോജിച്ചുകൊണ്ട് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, അർത്ഥനാധികാരിയായ കിൻഫ്ര 19(1) പ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് മുമ്പായി അടയ്ക്കേണ്ട പണം അടക്കുന്നപക്ഷം വിജ്ഞാപനം പുറപ്പെടുവിച്ച് ബി.വി.ആർ.-ഉം ഡി.വി.എസ്.-ഉം തയ്യാറാക്കി

കുറഞ്ഞ സമയത്തിനുള്ളിൽ കൊടുക്കാനുള്ള നടപടി സ്വീകരിക്കാം. വിശദമായ മറുപടി സഭയുടെ മേശപ്പുറത്തുവയ്ക്കുന്നു.+

## (6) പാരിസ്ഥിതിക പ്രശ്നങ്ങൾ നേരിടാൻ നടപടി

ശ്രീമതി ദെലീമ: സർ, കഴിഞ്ഞ 13 വർഷമായി അന്ധകാരനഴി അഴിമുഖം മണൽ മൂടി അടഞ്ഞുകിടക്കുകയാണ്. തന്മൂലം മണൽ വാരൽ തൊഴിലാളികൾ, ചെളികുത്ത് തൊഴിലാളികൾ, ചീനവല തൊഴിലാളികൾ, ഉൾനാടൻ മത്സ്യത്തൊഴിലാളികൾ, കൃഷിക്കാർ തുടങ്ങിയ വിവിധ വിഭാഗം ആളുകൾക്ക് തൊഴിലും വരുമാനവും നിലച്ച സ്ഥിതിയാണ്. മണലും ചെളിയും അടിഞ്ഞുകൂടി ജലം ഒഴുകാതിരിക്കുന്നതുകൊണ്ട് പാരിസ്ഥിതിക പ്രശ്നങ്ങളും രോഗങ്ങളും ഉണ്ടാകുന്നുണ്ട്. 1958 മുതൽ അന്ധകാരനഴി സ്പിൽവേ പ്രവർത്തിച്ചുവരുന്നുണ്ട്. 20 ഷട്ടറുകളും 303 ഓരുമുട്ടുകളും 11 സ്ലൂയിസുകളും കാർഷിക കലണ്ടറിന്റെ അടിസ്ഥാനത്തിലാണ് പ്രവർത്തിപ്പിച്ചുവരുന്നത്. ഈ സമയത്ത് തൊഴിലാളികളുടെ ജീവിത നിലവാരം വളരെ ഉയർന്ന രീതിയിലായിരുന്നു. ഈ താഴ്ന്ന പ്രദേശത്തെ മണൽ വാരി അവരുടെ പ്രദേശങ്ങളിൽ മണ്ണിട്ട് ഉയർത്തുന്ന രീതികളും കാർഷികേതര

+ അനുബന്ധമായി ചേർത്തിരിക്കുന്നു.

ആവശ്യങ്ങൾക്കും ഇത് ഉപയോഗിച്ചിരുന്നു. കടക്കരപ്പള്ളി, വയലാർ, തുറവൂർ, എഴുപുന്ന, കുത്തിയതോട്, കോടംതുരുത്ത് പ്രദേശങ്ങളെല്ലാംതന്നെ വെള്ളക്കെട്ടിൽ പിടയുകയാണ്. അവിടെ വെള്ളം ഒഴുകിപ്പോകാനുള്ള സംവിധാനമില്ല. ജെ.സി.ബി. ഉപയോഗിച്ച് മണൽ വാരുന്നുണ്ടെങ്കിലും അത് മൂന്ന് ദിവസംകൊണ്ട് അടഞ്ഞുപോകുന്ന സ്ഥിതി ഉണ്ടാകുകയാണ്. അതുകൊണ്ട് പ്രദേശവാസികൾക്ക് പരമ്പരാഗത രീതിയിൽ മണൽ വാരിയെടുക്കാനും സമീപ പ്രദേശങ്ങളിൽ ഉപയോഗിക്കാനും കഴിയുന്ന തരത്തിൽ അനുവാദം നൽകാൻ നടപടി ഉണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. റോഷി അഗസ്റ്റിൻ):</u> സർ, അന്ധകാരനഴിയിൽ പൊഴി മുറിക്കുന്നത് ഉൾപ്പെടെയുള്ള വിഷയങ്ങളിൽ കാലാകാലങ്ങളായി ചെയ്തുവരുന്ന നടപടിക്രമങ്ങളുണ്ട്. വിശദമായ റിപ്പോർട്ട് സഭയുടെ മേശപ്പുറത്തുവയ്ക്കുന്നു.+

+ അനുബന്ധമായി ചേർത്തിരിക്കുന്നു.

## (7) കടലാക്രമണം

ശ്രീ. പി. നന്ദകുമാർ: സർ, പൊന്നാനിയിൽ കടലാക്രമണം രൂക്ഷമാണ്. അതിന്റെ ഫലമായി വർഷംതോറും വലിയ നഷ്ടം ഉണ്ടാകുന്നു. വീടുകൾ തകർന്നുകൊണ്ടിരിക്കുന്നു. ഇപ്പോൾ ഒരു മതപഠന ശാലയും രണ്ട് ആരാധനാലയങ്ങളും കടലാക്രമണ ഭീഷണിയിലാണ് നിൽക്കുന്നത്. ഇതിന് ശാശ്വത പരിഹാരംകൊണ്ടുമാത്രമേ കഴിയൂ. ചെല്ലാനം മോഡൽ ടെട്രാപോഡ് പദ്ധതി നടപ്പിലാക്കണം. താൽക്കാലിക ആശ്വാസമെന്ന നിലയ്ക്ക് ചില പദ്ധതികൾ ആവിഷ്കരിച്ചെങ്കിലും നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. 10 കോടി രൂപയുടെ പ്രൊജക്ട് ഒരു വർഷമായി പെൻഡിംഗിലാണ്. എ.എസ്. കഴിഞ്ഞു, ടെണ്ടർ കഴിഞ്ഞു. അടിയന്തരമായി പ്രവൃത്തി ആരംഭിക്കാനുള്ള നടപടി സ്വീകരിക്കാൻ ആവശ്യപ്പെടുന്നു. മറ്റൊരു കാര്യം, പുതുപൊന്നാനിയിലെ അഴിമുഖ മേഖലയ്ക്കകത്ത് മണ്ണ് ഇടിഞ്ഞ് വലിയ തോതിലുള്ള അപകടം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. തോണികൾ അപകടത്തിൽപെട്ടുകൊണ്ടിരിക്കുന്നു. തൊഴിലാളികളുടെ ജീവൻപോലും ഭീഷണിയിലാണ്. ഇത്തരം ഒരു സഹാചര്യത്തിൽ മണ്ണ് നീക്കം ചെയ്ത് തൊഴിലാളികളുടെ തോണി അടുപ്പിക്കാനുള്ള സൗകര്യമൊരുക്കണമെന്ന്

ആവശ്യപ്പെട്ടുകൊണ്ട് പദ്ധതി പലതും നൽകിയിട്ടും ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ഒരു വലിയ ഭീഷണിയാണ് ആ മേഖലയിലെ തൊഴിലാളികളെ സംബന്ധിച്ചിടത്തോളമുള്ളത്. പരമ്പരാഗത മേഖലയിലെ മത്സ്യത്തൊഴിലാളികളുടെ കേന്ദ്രമാണ് ആ മേഖല. അതുകൊണ്ട് അവിടെ അടിയന്തര നടപടി സ്വീകരിച്ചുകൊണ്ട് പുതുപൊന്നാനി മേഖലയിലെ അഴിമുഖം സംരക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ആവശ്യപ്പെടുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. റോഷി അഗസ്റ്റിൻ</u>): സർ, 10 കോടി രൂപയുടെ പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അതോടൊപ്പംതന്നെ മണ്ണ് നീക്കണമെന്ന് ആവശ്യപ്പെട്ട്, അവിടെയൊരു അപകട സ്ഥിതി നിലനിൽക്കുന്നത് പരിശോധിക്കാൻ ആവശ്യമായ നടപടിയും സ്വീകരിക്കുന്നതാണ്. വിശദമായ റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കുന്നു[+].

---

\+ അനുബന്ധമായി ചേർത്തിരിക്കുന്നു.

(8) മഞ്ചേശ്വരത്തെ കടലാക്രമണം

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, മഞ്ചേശ്വരം മണ്ഡലത്തിൽ പതിവില്ലാത്ത രീതിയിൽ രൂക്ഷമായ കടൽക്ഷോഭമാണ് ഇപ്രാവശ്യം ഉണ്ടായിട്ടുള്ളത്. 25 കിലോമീറ്ററോളം തീരദേശംകൊണ്ട് ചുറ്റപ്പെട്ടൊരു മണ്ഡലമാണിത്. എന്റെ മണ്ഡലത്തിലെ മുസോഡി കടപ്പുറം, കോയിപ്പാടി കടപ്പുറം, മൊഗ്രാൽ, നാങ്കി കൊപ്പളം, പെരിങ്കടി കടപ്പുറം, പെറുവാഡ് കടപ്പുറം, മഞ്ചേശ്വരം കണ്വതീർത്ത എന്നീ പ്രദേശങ്ങളിലൊക്കെ വർഷങ്ങൾക്ക് മുമ്പ് കടൽഭിത്തി നിർമ്മിച്ചിട്ടുണ്ടെങ്കിലും അത് ഭാഗികമായോ പൂർണ്ണമായോ തകർന്നുനിൽക്കുന്നൊരു അവസ്ഥയാണ്. പലപ്പോഴും ഇത്തരത്തിലുള്ള ഘട്ടങ്ങളിൽ ജിയോ ബാഗ് പോലെയുള്ള സംവിധാനങ്ങൾപോലും ആവശ്യപ്പെട്ടാൽ പ്രധാനപ്പെട്ട കടൽക്ഷോഭം വരുന്ന സന്ദർഭത്തിൽ അവർക്കത് നൽകാൻ കഴിയാത്തൊരു സാഹചര്യം നമ്മുടെ മുന്നിൽ ഉണ്ടാകുന്നുണ്ട്. ഈ പ്രാവശ്യം കണ്വതീർത്തയിലും പെരിങ്കടി കടപ്പുറത്തും രൂക്ഷമായ കടൽക്ഷോഭംമൂലം ആ പ്രദേശത്ത് ഏറ്റവും അടിസ്ഥാനപരമായി സഞ്ചരിക്കുന്ന റോഡുപോലും നശിച്ച ഒരു അവസ്ഥ ഉണ്ടായിട്ടുണ്ട്. കേരളത്തിലെ അതിർത്തി മേഖലയിൽ കടൽക്ഷോഭം വരുന്ന

സന്ദർഭത്തിൽ അവിടെയുള്ള ആളുകളെ സ്കൂളിൽ പാർപ്പിക്കേണ്ടൊരു അവസ്ഥ വരുന്നുണ്ട്. രൂക്ഷമായ ഈ പ്രശ്നം പലപ്പോഴും സഭയിൽ ഉന്നയിക്കുന്നുണ്ടെങ്കിലും, അടിയന്തരമായി ജിയോ ബാഗ് അനുവദിച്ചുകൊണ്ട് ഈ പ്രദേശങ്ങളെയും അവിടത്തെ ജനങ്ങളെയും കൃഷിയെയും വീടുകളെയും രക്ഷപ്പെടുത്തണമെന്ന് ഈ സബ്മിഷനിലൂടെ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, 24 കിലോമീറ്ററോളം തീരദേശമുണ്ടെങ്കിലും 8 കിലോമീറ്ററാണ് കൂടുതലും രൂക്ഷമായ കടൽക്ഷോഭം അനുഭവപ്പെടുന്നതായി മനസ്സിലാക്കുന്നത്. അതിനാൽ നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് കാസർഗോഡ് എത്തി പരിശോധന നടത്തിയിട്ടുണ്ട്. വിശദമായ റിപ്പോർട്ടുകൾ പരിശോധിച്ചുവരുന്നു. അടിയന്തര പ്രാധാന്യത്തോടെ പരിഹരിക്കുന്നതാണ്.

(9) കുടിവെള്ള ക്ഷാമം

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, കോട്ടയ്ക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം പഞ്ചായത്തിനെയും തൃത്താല മണ്ഡലത്തിലെ പരുതൂർ പഞ്ചായത്തിനെയും ബന്ധിപ്പിക്കുന്ന ആർ.സി.ബി.-ക്ക് 2013-ൽ

ഭരണാനുമതി ലഭിച്ചതാണ്. കഴിഞ്ഞ കാലങ്ങളിലുള്ള എന്റെ ചോദ്യത്തിന് ഉത്തരമായി അതിന്റെ ഇൻവെസ്റ്റിഗേഷൻ സ്റ്റഡിക്കുവേണ്ടി ടെണ്ടറിട്ടെങ്കിലും അതാരും എടുത്തില്ല എന്നാണ് മറുപടി ലഭിച്ചത്. അതിനോട് അനുബന്ധിച്ചുതന്നെ എതിയരക്കടവിൽ പുതിയൊരു തടയണ നിർമ്മിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങളും തുടങ്ങിവച്ചിരുന്നു. ഇരിമ്പിളിയം, എടയൂർ, വളാഞ്ചേരി പഞ്ചായത്തുകളിൽ നടക്കുന്ന കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണത്തിനും അവിടെ വെള്ളം ലഭിക്കണമെങ്കിലും ഈ തടയണ നിർബന്ധമാണ്. അതോടൊപ്പംതന്നെ കൈതക്കടവിലുള്ള ആർ.സി.ബി.-യുടെ പ്രവർത്തനം ത്വരിതഗതിയിൽ നടപ്പിലാക്കിയാൽ ഈ പ്രദേശത്തെ കുടിവെള്ളത്തിനും, അതുപോലെത്തന്നെ തൃത്താല മണ്ഡലത്തെയും ഇരിമ്പിളിയം പഞ്ചായത്തിനെയും ബന്ധിപ്പിക്കാൻ കഴിയാവുന്ന ഒരു ഗതാഗത സൗകര്യമായി മാറുകയും ചെയ്യും. ഇതിനാവശ്യമായ നടപടി സ്വീകരിക്കാൻ കഴിയുമോ എന്നതാണ് എന്റെ സബ്മിഷൻ.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. റോഷി അഗസ്റ്റിൻ</u>): സർ, കുടിവെള്ള പ്രശ്നം ഉൾപ്പെടെയുള്ള വിഷയം പരിഹരിക്കുന്നതിന് ഇത്

ആവശ്യമാണെന്നുള്ളൊരു നിലപാടുണ്ട്. അതുകൊണ്ട് ഇക്കാര്യത്തിൽ നമുക്ക് അടിയന്തരമായി ചെയ്യാൻ കഴിയുന്ന കാര്യങ്ങളെകുറിച്ച് ഒരു ചർച്ച തന്നെ നടത്തി പരിഹരിക്കാനാവശ്യമായ നടപടി കൈക്കൊള്ളുന്നതാണ്.

(10) പെരുമ്പാവൂർ- റയോൺപുരം റോഡ് വികസനം

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി, വല്ലംകടവ് - പാറപ്പുറം പാലം നിർമ്മിച്ചതിനുശേഷം എയർപോർട്ടിലേയ്ക്ക് പോകുന്ന വാഹനങ്ങൾക്ക് ആ വഴി പോയാൽ കാലടിയിലെ ബ്ലോക്കിൽപ്പെടാതെ പെട്ടെന്ന് എത്താൻ സാധിക്കും. പക്ഷേ, മുനിസിപ്പൽ റോഡും പൊതുമരാമത്ത് റോഡും ചെറിയ റോഡാണ് അവിടെയുള്ളത്. പ്രസ്തുത റോഡ് വികസിപ്പിച്ച് വലിയ റോഡാക്കി മാറ്റിയാൽ എയർപോർട്ടിലേയ്ക്ക് പെട്ടെന്ന് എത്താൻ പറ്റുന്ന ഒരു എയർപോർട്ട് റോഡ് നിർമ്മിക്കാൻ കഴിയുമോ എന്നതാണ് എന്റെ സബ്മിഷൻ.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, നെടുമ്പാശ്ശേരി വിമാനത്താവള പാതയായി മാറുന്ന റോഡ് വികസിപ്പിക്കുന്നത് ഗുണകരമാണെന്നാണ് പൊതുവെ പി.ഡബ്ല്യൂ.ഡി.

വിലയിരുത്തിയിട്ടുള്ളത്. കാലടിയിലെ ഗതാഗതക്കുരുക്ക് പരിഹരിക്കാനും ഇത് സഹായിക്കും. ഈ വിഷയം പ്രത്യേകമായി പരിഗണിച്ച് റോഡ് നവീകരണം സാധ്യമാക്കാൻ കഴിയുമോയെന്നുള്ളത് ബഹുമാനപ്പെട്ട എൽദോസ് പി. കുന്നപ്പിള്ളിൽ എം.എൽ.എ. ഉന്നയിച്ച ഈ സബ്മിഷന്റെ ഭാഗമായി പരിശോധിക്കുന്നതാണ്.

(11) മിനി ജലവൈദ്യുത പദ്ധതി

ശ്രീ. ആന്റണി ജോൺ: സർ, ഭൂതത്താൻകെട്ട് മിനി ജലവൈദ്യുത പദ്ധതിയുടെ ശേഷിക്കുന്ന പ്രവൃത്തികൾ വേഗം പൂർത്തീകരിച്ച് പദ്ധതി കമ്മീഷൻ ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് എന്റെ ഈ സബ്മിഷൻ. 14-ാം കേരള നിയമസഭയിലും ഇപ്പോൾ ഈ സഭയുടെ മുമ്പാകെയുമെല്ലാം നിരവധി പ്രാവശ്യം ഈ വിഷയം ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതാണ്. 231 കോടി രൂപ ചെലവഴിച്ചുകൊണ്ട് കേരളത്തിൽത്തന്നെ ആദ്യമായി ഇത്തരത്തിലുള്ള ചൈനീസ് സാങ്കേതിവിദ്യ ഉപയോഗിച്ച് നിർമ്മിക്കുന്ന ഒരു പദ്ധതി എന്നുള്ള നിലയിലും അതോടൊപ്പം 24 മെഗാവാട്ടിന്റെ ഈ പദ്ധതി പ്രതിവർഷം 83.5 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന പദ്ധതി കൂടിയാണ്. നിർമ്മാണം

തുടങ്ങി ഏറെ വർഷങ്ങളായിട്ടും പദ്ധതി കമ്മീഷൻ ചെയ്യാൻവേണ്ടി സാധിച്ചിട്ടില്ല. മഹാ പ്രളയ കാലത്ത് വലിയ പ്രതിസന്ധിയുണ്ടായി. പിന്നീട് ചൈനയിൽനിന്നും യന്ത്ര സാമഗ്രികൾ കൊണ്ടുവരുന്നതിൽ കോവിഡ് കാലവുമായി ബന്ധപ്പെട്ടുകൊണ്ട് വലിയ പ്രതിസന്ധികൾ ഉണ്ടായി. ഇപ്പോൾ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളെല്ലാം ഏതാണ്ട് അവസാന ഘട്ടത്തിലാണ്. ശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ച് അടിയന്തരമായി പദ്ധതി കമ്മീഷൻ ചെയ്യുന്നതിനുവേണ്ടിയുള്ള ഇടപെടൽ ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞത് വളരെ ഗൗരവമുള്ള കാര്യമാണ്. അതിൽ ഒരു തർക്കമുണ്ടായി. അതിന്റെ നിയമസാധുത സംബന്ധിച്ച് അഡ്വക്കേറ്റ് ജനറൽ മുഖാന്തരം പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. കൂടാതെതന്നെ പൂർത്തീകരണം ഇനിയും വൈകുന്നത് ഒഴിവാക്കാൻ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ NHPC-യുമായി ചേർന്ന് ബാക്കി ജോലികൾ പൂർത്തീകരിച്ചുവരുന്നു. വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു+.

\+ അനുബന്ധമായി ചേർത്തിരിക്കുന്നു.

(12) തൃശ്ശൂർ സഹകരണ സ്പിന്നിങ് മില്ലിന്റെ പ്രവർത്തനം

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, വടക്കാഞ്ചേരി മണ്ഡലത്തിലെ വിരുപ്പാക്കയിൽ പ്രവർത്തിക്കുന്ന തൃശ്ശൂർ സഹകരണ സ്പിന്നിങ് മിൽ കഴിഞ്ഞ ഏഴ് മാസമായി ലേ ഓഫിലാണ്. NCDC-യുടെ സഹായത്തോടെ 30 കോടി രൂപയുടെ ആധുനികവൽക്കരണ നടപടികൾ നടന്നുകൊണ്ടിരിക്കുമ്പോഴാണ് ഈ ലേ ഓഫ് ഉണ്ടായിരിക്കുന്നത്. മാർക്കറ്റിലെ പ്രതിസന്ധിയും പരുത്തിയില്ലാത്തതും വൻ കടബാധ്യതയും എല്ലാംതന്നെ ഇതിന് കാരണമാണ്. ബാധ്യതകൾ തീർത്ത് തുറന്ന് പ്രവർത്തിക്കാൻ കഴിഞ്ഞാൽ ആധുനികവൽക്കരണ നടപടികൾ കൂടി പൂർത്തിയാക്കിയാൽ പുതിയ തൊഴിൽ സാധ്യതകൾ ഉണ്ടാക്കാൻ കഴിയുന്ന കമ്പനിയാണ്. ഈ സാമ്പത്തിക വർഷം തൃശ്ശൂർ സ്പിന്നിങ് മില്ലിനായി അനുവദിച്ച 160 ലക്ഷം രൂപയിലെ ബാക്കി 125 ലക്ഷം രൂപ കൂടി അനുവദിക്കേണ്ടതുണ്ട്. സി.2/159/2003 ഫയൽ ഇപ്പോൾ ഫിനാൻസ് എക്സ്പെന്റീച്ചർ സെക്രട്ടറിയുടെ കൈവശത്തിലാണുള്ളത്. ഈ സ്പിന്നിങ് മില്ലിനെയും അതിലെ തൊഴിലാളികളെയും സംരക്ഷിക്കാൻ സർക്കാർ അടിയന്തര നടപടികൾ സ്വീകരിക്കണം എന്നതാണ് ഈ സബ്മിഷൻ.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ബഹുമാനപ്പെട്ട എം.എൽ.എ. അവതരിപ്പിച്ച സബ്മിഷനുള്ള മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു+.

(13) മാസ്റ്റർ പ്ലാൻ ഭേദഗതി

ശ്രീ. ടി. ജെ. വിനോദ്: സർ, ഒരു മാസ്റ്റർ പ്ലാൻ എന്നത് ജനങ്ങളെ നേരിട്ട് ബാധിക്കുന്നൊരു വിഷയമാണ്. കൊച്ചി പോലൊരു നഗരം ആസൂത്രിതമായി വികസിക്കാൻ കഴിയാത്തൊരു നഗരമെന്ന നിലയിലും പൗരാണിക കെട്ടിടങ്ങളുള്ള ഒരു നഗരമെന്നുള്ള നിലയിലും ഹെറിറ്റേജ് സോണുള്ള ഒരു നഗരമെന്നുള്ള നിലയിലും ഒരു മാസ്റ്റർ പ്ലാൻ ഉണ്ടാക്കുമ്പോൾ ഇക്കാര്യങ്ങൾ ഗൗരവമായി ആലോചിക്കേണ്ടൊരു വിഷയമാണ്. 2016-ലെ ടൗൺ പ്ലാനിംഗ് ആക്ട് പ്രകാരമാണ് നമ്മൾ ഈ മാസ്റ്റർ പ്ലാൻ പ്രിപ്പയർ ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം നൽകുന്നത്. അങ്ങനെ അധികാരം നൽകുമ്പോൾ ഇതുമായി ബന്ധപ്പെട്ടുള്ള വിഷയങ്ങൾ തീർച്ചയായും ജനങ്ങളുമായി ഒരു തുറന്ന ചർച്ചയ്ക്ക് അല്ലെങ്കിൽ

---

+ അനുബന്ധമായി ചേർത്തിരിക്കുന്നു.

അതുമായി ബന്ധപ്പെട്ട എക്സ്പെർട്ടുകളുമായി ചർച്ച നടത്തണം എന്നതാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

2016-ലെ Kerala Town and Country Planning Act-ലെ സെക്ഷൻ 62 പ്രകാരം നിലവിൽ ഒരു മാസ്റ്റർ പ്ലാൻ ഇല്ലാത്ത നഗരത്തിൽ കരട് മാസ്റ്റർ പ്ലാൻ എന്നാണോ പ്രസിദ്ധീകരിക്കുന്നത് അന്നുമുതൽ കരട് മാസ്റ്റർ പ്ലാൻ നിലവിൽവരും എന്നുള്ള ഗുരുതരമായ ഒരു വിഷയം ഇതിലുണ്ട്. അതുകൊണ്ട് ഇക്കാര്യത്തിൽ ഗൗരവമായ ഒരു തുറന്ന ചർച്ചയ്ക്ക് വിധേയമായശേഷം മാത്രമേ ഈ മാസ്റ്റർ പ്ലാൻ നടപ്പാക്കാൻ പാടുള്ളൂ എന്നതാണ് എന്റെ സബ്മിഷൻ.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (<u>ശ്രീ. എം. ബി. രാജേഷ്</u>): സർ, ദീർഘവും വിശദവുമായ മറുപടിയായതിനാൽ പ്രസ്തുത സബ്മിഷനുള്ള മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു+.

(14) <u>ലൈഫ് മിഷൻ ഗുണഭോക്താക്കൾക്കുള്ള ധനസഹായം</u>

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, ഇത് ലൈഫ് പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് വേണ്ടിയുള്ള ഒരു സബ്മിഷനാണ്. അതിൽ ഏറ്റവും കൂടുതൽ ഗുണഭോക്താക്കളുള്ളത് പാലക്കാട് ജില്ലയിലാണ്. ഇപ്പോൾ

---

\+ അനുബന്ധമായി ചേർത്തിരിക്കുന്നു.

നിലവിലുള്ള അംഗീകരിക്കപ്പെട്ട 57835 അപേക്ഷകരിൽ ഈ സാമ്പത്തിക വർഷത്തിൽ 7558 പേർക്ക് മാത്രമാണ് സഹായം നൽകുന്നതിനുള്ള പണം പഞ്ചായത്തുകളുടെ കൈവശമുള്ളത്. ഹഡ്കോയിൽ വായ്പയ്ക്ക് അപേക്ഷ നൽകിയിട്ടും ലഭിക്കാത്ത സ്ഥിതിവിശേഷം നിലനിൽക്കുകയാണ്. ഏതാണ്ട് 82192 പേർ പാലക്കാട് ജില്ലയിൽ ഭൂരഹിതരായിട്ടുണ്ട്. അതിൽ സ്ഥലമില്ലാത്തവരും ഉൾപ്പെടെയുണ്ട്. അവർക്ക് വായ്പ നൽകാൻ, തദ്ദേശസ്ഥാപനങ്ങൾക്ക് വായ്പ നൽകാൻ പ്രാഥമിക സംഘങ്ങൾ തയ്യാറാണ്. അതുകൊണ്ട് സഹകരണ മേഖലയിൽനിന്ന് വായ്പയെടുക്കാനുള്ള അനുമതി തദ്ദേശസ്ഥാപനങ്ങൾക്ക് നൽകണമെന്നതാണ് അഭ്യർത്ഥന.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, മറുപടി സമഗ്രവും വിശദവുമായതിനാൽ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു+.

(15) പാലക്കാട് ജില്ലാ സ്റ്റേഡിയം നിർമ്മാണം

ശ്രീ. ഷാഫി പറമ്പിൽ: സർ, പാലക്കാട് ജില്ലയ്ക്ക് അനുവദിച്ച സ്റ്റേഡിയം അതിന്റെ സ്ഥലപരിമിതിമൂലം ഇതുവരെയും നിർമ്മാണം ആരംഭിച്ചിട്ടില്ല.

+ അനുബന്ധമായി ചേർത്തിരിക്കുന്നു.

അതേസമയതന്നെ പാലക്കാട് ഇന്ദിരാഗാന്ധി മുനിസിപ്പൽ സ്റ്റേഡിയത്തിന്റെ ശോചനീയാവസ്ഥ അങ്ങേയ്ക്ക് നേരിട്ട് ബോധ്യപ്പെട്ടതാണ്. ജില്ലാ സ്റ്റേഡിയത്തിന്റെ പ്രോജക്ട് പാലക്കാട് ഇന്ദിരാഗാന്ധി മുനിസിപ്പൽ സ്റ്റേഡിയത്തിലേയ്ക്ക് മാറ്റി അതിന്റെ ഉടമസ്ഥാവകാശം മുനിസിപ്പാലിറ്റിയിൽത്തന്നെ നിലനിർത്തിക്കൊണ്ട് അവരുടെകൂടി സഹകരണത്തോടെ ആ പ്രോജക്ട് അവിടെത്തന്നെ നടപ്പിലാക്കിയാൽ ഒട്ടേറെ ചരിത്രമുള്ള ആ സ്റ്റേഡിയത്തിന്റെ അനിവാര്യമായ നവീകരണവും കായിക വളർച്ചയ്ക്ക് ഏറ്റവും പ്രധാനപ്പെട്ടൊരു സഹായവുമായിട്ടത് മാറും. കായിക വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും പാലക്കാട് മുനിസിപ്പാലിറ്റിയുംകൂടി സംയുക്തമായിച്ചേർന്ന് ജനപ്രതിനിധികളെ കൂടി ഉൾപ്പെടുത്തി ഒരു മാനേജ്മെന്റ് സംവിധാനവും ഒരുക്കിയാൽ അതിന്റെ ക്വാളിറ്റി നിലനിർത്താനും സാധിക്കും. ഇക്കാര്യങ്ങൾ ചർച്ച ചെയ്യാനും ഇതിൽ ഒരു അനുകൂല തീരുമാനമുണ്ടാക്കാനുംവേണ്ടി ബന്ധപ്പെട്ട എല്ലാവരുടെയും യോഗം വിളിച്ചുചേർത്ത് ജില്ലയ്ക്ക് അനുവദിച്ച പണം നഷ്ടപ്പെട്ട് പോകാതിരിക്കാനും ശോചനീയാവസ്ഥയിൽനിന്നും ഇന്ദിരാഗാന്ധി മുനിസിപ്പൽ സ്റ്റേഡിയത്തെ രക്ഷിക്കണമെന്ന

പതിറ്റാണ്ടുകളായി നീണ്ടുനിൽക്കുന്ന ആവശ്യം നേടിയെടുക്കാനും നമുക്ക് സാധിക്കും. അടിയന്തര ഇടപെടൽ അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ അവതരിപ്പിക്കുകയാണ്.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, പാലക്കാട് ഇന്ദിരാഗാന്ധി മുനിസിപ്പൽ സ്റ്റേഡിയത്തിന്റെ ഉടമസ്ഥതയുള്ള മുനിസിപ്പാലിറ്റി ഇക്കാര്യത്തിൽ അനുകൂലമായ തീരുമാനം എടുക്കുകയാണെങ്കിൽ ഇപ്പോൾ ജില്ലാ സ്റ്റേഡിയത്തിന് പരിഗണിക്കുന്ന മറ്റ് സ്ഥലങ്ങളുടെ കൂട്ടത്തിൽ ഇതുകൂടി പരിഗണിച്ച് ഏറ്റവും അനുയോജ്യമായ സ്ഥലം തെരഞ്ഞെടുക്കുന്നതാണ്.

(16) കുടുംബശ്രീ ജനകീയ ഹോട്ടലുടമകൾക്ക് സബ്സിഡി

ശ്രീ. പി. ഉബൈദുള്ള: സർ, വിശപ്പുരഹിത കേരളം പദ്ധതി പ്രകാരം ആരംഭിച്ച, വളരെ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്ന സംരംഭമാണ് കുടുംബശ്രീയുടെ ജനകീയ ഹോട്ടൽ. ജനകീയ ഹോട്ടൽ നടത്തി കടക്കെണിയിൽ കുടുങ്ങി ജീവൻതന്നെ അവസാനിപ്പിക്കേണ്ടിവരുന്ന നിലവിലുള്ള സാഹചര്യത്തിൽനിന്ന് രക്ഷപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് നടത്തിപ്പുകാരായ കുടുംബശ്രീ അയൽക്കൂട്ടം വനിതകളുടെ നിരവധി

പരാതികൾ എല്ലാ എം.എൽ.എ.-മാർക്കും ലഭിച്ചുകൊണ്ടിരിക്കുകയാണ്. അവർ സമര പരിപാടികളുമായി മുന്നോട്ടുപോകുകയാണ്. കഴിഞ്ഞ ഓണ ദിവസം മലപ്പുറം കളക്ടറേറ്റിന് മുമ്പിൽ സംരംഭകർ സമരം സംഘടിപ്പിക്കുകയുണ്ടായി. ജനകീയ ഹോട്ടലിൽ ഊണിന് 20 രൂപയാണ് വിലയീടാക്കുന്നത്. ഇതിൽ 10 രൂപ സർക്കാർ സബ്സിഡിയാണ്. സബ്സിഡി ലഭിക്കാത്തതുകാരണം ഹോട്ടൽ നടത്തിപ്പ് വലിയ സാമ്പത്തിക ബാധ്യതയിലും പ്രതിസന്ധിയിലുമാണ്. സർക്കാർ യഥാസമയം സബ്സിഡി നൽകാത്തതിനാൽ വീടും പുരയിടവും പണയപ്പെടുത്തി ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി ജനകീയ ഹോട്ടൽ നടത്തിക്കൊണ്ട് പോകേണ്ടിവന്നതിനാൽ ജപ്തി ഭീഷണിയുടെ മുന്നിൽ ജീവൻതന്നെ അവസാനിപ്പിക്കേണ്ടി വരുന്ന സാഹചര്യമാണ് നിലവിൽ നമ്മുടെ വനിതകൾക്കുള്ളത്. ഹോട്ടൽ നടത്തിപ്പുമായി ബന്ധപ്പെട്ട് കെട്ടിട വാടകയിനത്തിലും സാധന സാമഗ്രികൾ വാങ്ങിയതിലും വലിയ ബാധ്യത അവർക്കുണ്ട്. മലപ്പുറം ജില്ലയിൽ മാത്രം 6 കോടി രൂപയാണ് ഈ സബ്സിഡി ഇനത്തിൽ കുടിശ്ശികയുള്ളത്. നമ്മളൊക്കെ പല ജനകീയ ഹോട്ടലും ഉദ്ഘാടനം ചെയ്യാൻ പോയവരാണ്. അവിടെ ചെല്ലുമ്പോൾ ഈ

സ്ത്രീകൾ അവരുടെ സങ്കടം പറയുമ്പോൾ സഹിക്കാൻ കഴിയുന്നില്ല. അതുകൊണ്ട് ഇവരുടെ കുടിശ്ശിക വിതരണം ചെയ്യണം. സബ്സിഡി റേറ്റ് വർദ്ധിപ്പിക്കണം എന്നുകൂടി ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുന്നു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഇതുവരെ 131.11 കോടി രൂപ സബ്സിഡി ഇനത്തിൽ സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്. സബ്സിഡി ഇനത്തിൽ ബാക്കിയുള്ള 41.09 കോടി രൂപ എത്രയും പെട്ടെന്ന് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ജില്ലാ പ്ലാനിംഗ് കമ്മിറ്റി അതത് കുടുംബശ്രീ ജില്ലാ മിഷനുകളുമായി ചർച്ച ചെയ്ത് ഉച്ചയൂണിന് 30 രൂപയും പാഴ്സലിന് 35 രൂപയിലും കുറയാത്ത നിരക്ക് നിശ്ചയിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്.

## (17) കാർഷിക പ്രതിസന്ധി

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, കേരളത്തിൽ നാളികേരം, നെല്ല്, റബ്ബർ എന്നിവയുടെ സംഭരണം താറുമാറായിരിക്കുകയാണ്. വളരെ നല്ല രീതിയിൽ ഇവയുടെ സംഭരണം നടന്നൊരു സംസ്ഥാനമാണ് കേരളം. കേന്ദ്രത്തിന്റെ വിഹിതം കിട്ടുന്നുണ്ടോയെന്ന് നോക്കാതെ സംസ്ഥാനത്തെ

ഖജനാവിൽനിന്ന് പണമെടുത്ത് കർഷകരെ സഹായിക്കാൻ സന്നദ്ധമായിരുന്നു. ആ പഴയ കാര്യങ്ങൾ ബഹുമാന്യനായ എം.എൽ.എ. ശ്രീ. കെ. പി. മോഹനനോട് ചോദിച്ചാലറിയാം. ഇവിടെയിപ്പോൾ മന്ത്രി അടിയന്തര പ്രമേയത്തിൽ നാളികേരത്തിന്റെ സംഭരണം പുന:രാരംഭിച്ചുവെന്ന് പറഞ്ഞു. ഞാൻ ഇപ്പോൾ എന്റെ മണ്ഡലത്തിലെ വെട്ടം കേന്ദ്രത്തിൽ വിളിച്ച് അന്വേഷിച്ചു. ഒരാഴ്ചയ്ക്കകം തുടങ്ങുമെന്നാണ് അവർ പറഞ്ഞത്. മാത്രമല്ല 34 രൂപ വിലയിൽ സംഭരിക്കുന്നുവെന്നാണ് പറഞ്ഞത്. മലപ്പുറത്തെ രണ്ട് കേന്ദ്രങ്ങളിൽ വിളിച്ച് 34 രൂപയ്ക്ക് നാളികേരമെന്തെങ്കിലും സംഭരിച്ചോ എന്നുചോദിച്ചപ്പോൾ ഇതുവരെ സംഭരിച്ചിട്ടില്ല എന്നുമാണ് എനിക്ക് അറിയാൻ കഴിഞ്ഞത്. പ്രഖ്യാപനത്തിലുണ്ട്, പക്ഷേ ഇന്നുവരെ സംഭരണം നടത്തിയിട്ടില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് പ്ലീസ്. ഈ വിഷയം അടിയന്തര പ്രമേയം ചർച്ച ചെയ്ത വിഷയമാണ്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, വളരെ ഗൗരവമായ വിഷയമാണ്. നാളികേരത്തിന്റെ സംഭരണം ആകെ താറുമാറായി ഇരിക്കുകയാണ്.

മാത്രമല്ല, ഞാൻ കണക്കുപറയുന്നില്ല. കേരളത്തിൽ കഴിഞ്ഞ വർഷമാണ്; 2021-22-ലാണ് ഏറ്റവും കൂടുതൽ നാളികേരം ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞത്.

മി. ഡെപ്യൂട്ടി സ്പീക്കർ: വിഷയം മാത്രം പറയൂ.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ആ നാളികേരത്തിന്റെ 0.5 ശതമാനം.....

മി. ഡെപ്യൂട്ടി സ്പീക്കർ: ഇത് രാവിലെ അടിയന്തരപ്രമേയ ചർച്ച ചെയ്തതാണ്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ആ നാളികേരത്തിന്റെ അര ശതമാനം മാത്രമാണ് ഒരു വർഷംകൊണ്ട് കർഷകരിൽനിന്ന് സംഭരിച്ചത്. നെല്ലിന്റെ കാര്യവും ഇതുതന്നെയാണ്. പാലക്കാട് ഞങ്ങൾ സ്വതന്ത്ര കർഷക സംഘം നടത്തിയൊരു പഠനത്തിൽ ഉൽപ്പാദനത്തേക്കാൾ കൂടുതൽ നെല്ല് സംഭരിച്ചതായി കാണുന്നു. ഇതിനെക്കുറിച്ച് അന്വേഷിക്കാൻ സന്നദ്ധമാകണം. റബ്ബറിന്റെ സ്ഥിതിയും മറിച്ചല്ല. കഴിഞ്ഞ 8 കൊല്ലംകൊണ്ട് 5300 കോടി രൂപ റബ്ബർ സംഭരിച്ചവർക്കുവേണ്ടി സർക്കാർ നീക്കി വച്ചിട്ടുണ്ടായിരുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, ഇവിടെ മന്ത്രി പറഞ്ഞതുപോലെ 1900 രൂപ മാത്രമേ അതിലേയ്ക്ക് ചെലവഴിച്ചിട്ടുള്ളൂ. ഇന്ന് അത് സ്തംഭനാവസ്ഥയിലാണ്. അതുകൊണ്ട് കാർഷികോൽപ്പന്നങ്ങളുടെ സംഭരണം വളരെ കൃത്യമായും ഭംഗിയായും പഴയകാലത്ത് നടന്നിരുന്നതുപോലെ ശാസ്ത്രീയമായി സംഘടിപ്പിക്കുവാൻ സന്നദ്ധമാകേണ്ടതുണ്ട് എന്ന അഭ്യർത്ഥനയാണ് ഈ സബ്മിഷനിലൂടെ എനിക്ക് രേഖപ്പെടുത്താനുള്ളത്.

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. പി. പ്രസാദ്</u>): സർ, എവിടെയെല്ലാമാണോ പച്ചത്തേങ്ങ സംഭരിക്കേണ്ടത് അവിടെയെല്ലാം പച്ചത്തേങ്ങ സംഭരിക്കാനുള്ള നടപടി സ്വീകരിക്കും. ബന്ധപ്പെട്ട എം.എൽ.എ.-മാരുമായി ആലോചിച്ച് സംഭരണകേന്ദ്രങ്ങൾ വർദ്ധിപ്പിക്കാൻ ജില്ലാ കൃഷി ഓഫീസർമാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. എണ്ണം കുറയ്ക്കില്ല, എവിടെയെല്ലാം ആവശ്യമുണ്ടോ അവിടെയെല്ലാം നാളികേരം സംഭരിക്കുന്നതായിരിക്കും. മൊബൈൽ യൂണിറ്റുകളുണ്ടായിരിക്കുകയും 34 രൂപയ്ക്കുതന്നെ സംഭരിക്കുന്നതുമായിരിക്കും. ബാക്കി വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു.+

---

\+ അനുബന്ധമായി ചേർത്തിരിക്കുന്നു.

## (18) പട്ടാമ്പി കോളേജിൽ അധിക കോഴ്സുകൾ

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ഏറെ ചരിത്രപ്രാധാന്യമുള്ളതാണ് പട്ടാമ്പി ഗവൺമെന്റ് കോളേജ്, ആ കോളേജിൽ എല്ലാവിധ സൗകര്യങ്ങളുമുണ്ട്. പക്ഷേ കോഴ്സുകൾ വളരെ കുറവാണ്. പുതിയതായി ഒരു കോഴ്സുകളും അനുവദിച്ചിട്ടില്ല. പബ്ലിക് അഡ്മിനിസ്ട്രേഷൻ, എം.എ. ഇംഗ്ലീഷ്, എം.എ. ഹിസ്റ്ററി, എം.എ. സംസ്കൃതം, എം.എ. അറബിക്, എം.എസ്.സി. ഫിസിക്സ്, ബി.എ. ഹിന്ദി, ബി.എസ്.സി. മാത്തമാറ്റിക്സ്, എം.എസ്.സി. മാത്തമാറ്റിക്സ് തുടങ്ങിയ കോഴ്സുകളെല്ലാം ആവശ്യമാണ്. അതോടൊപ്പം ന്യൂജെൻ കോഴ്സുകളും ആവശ്യമായി പറയുന്നുണ്ട്. അടിയന്തരമായി പട്ടാമ്പി കോളേജിന് ആവശ്യമായിട്ടുള്ള കോഴ്സുകൾ അനുവദിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ രേഖപ്പെടുത്തുന്നത്.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, സബ്മിഷനിൽ ആവശ്യപ്പെട്ടിട്ടുള്ള ഈ കോഴ്സുകൾക്കുള്ള കാലിക്കറ്റ് സർവ്വകലാശാലയുടെ സ്റ്റാറ്റ്യൂട്ട് പ്രകാരമുള്ള അപേക്ഷകൾ സർവ്വകലാശാലയ്ക്ക് ലഭിച്ചിട്ടില്ല. അത് ലഭിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

## (19) <u>ജപ്തിനടപടികൾ നിർത്തിവയ്ക്കൽ</u>

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, വയനാട് ജില്ലയിൽ കർഷകർ വിവിധ സഹകരണ ബാങ്കുകളിൽനിന്നും ലോൺ എടുക്കുകയുണ്ടായി. വയനാട് ജില്ലയിൽ ഇടയ്ക്കിടെയുണ്ടായ കാലാവസ്ഥാ വ്യതിയാനം, കാർഷിക വില തകർച്ച, കാലവർഷക്കെടുതി, കോവിഡ് ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങൾ കാരണം ഇവർക്ക് ലോൺ തിരിച്ചടയ്ക്കാൻ കഴിയുന്നില്ല. പുൽപ്പള്ളി, മുള്ളൻകൊല്ലി കുടിയേറ്റ മേഖലയായ പഞ്ചായത്തുകളിലുൾപ്പെടെ ഏതാണ്ട് മൂവായിരത്തിലേറെ കർഷകർക്കാണ് സർഫാസി ആക്ട് അനുസരിച്ച് ജപ്തി നോട്ടീസ് അയച്ച് നടപടി സ്വീകരിച്ചത്. ഈ കർഷകർ ഒരിക്കലും ലോൺ അടയ്ക്കില്ല എന്ന് പറയുന്നില്ല, പലിശയും കൂട്ടുപലിശയും ഒഴിവാക്കിക്കൊണ്ട് അവർ എടുത്ത മുതൽ ഗഡുക്കളായി അടയ്ക്കുന്നതിനുവേണ്ടിയുള്ള നടപടിയുണ്ടാകണമെന്നുള്ളതാണ് സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. മാത്രമല്ല ക്യാൻസർ, വൃക്ക, ഹൃദയ സംബന്ധിയായ രോഗികൾ പലരും മരണപ്പെട്ടിട്ടുണ്ട്, കുറേപ്പേർ ചികിത്സയിലാണ്, സ്വാഭാവികമായി ഇവർക്ക് ലോൺ തിരിച്ചടയ്ക്കാൻ കഴിയാത്ത ഇത്തരം സാഹചര്യങ്ങൾ വയനാട് ജില്ലയിലെ കാർഷിക

മേഖലയിലുണ്ട്. അതുകൊണ്ട് ബാങ്കുകൾ ഈ ജപ്തി നടപടി നിർത്തിവച്ചുകൊണ്ട് അവരെ സഹായിക്കുന്നതിനുവേണ്ടിയുള്ള പദ്ധതി ആവിഷ്ക്കരിക്കണമെന്നുള്ളതാണ് എന്റെ ആവശ്യം.

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, വിശദീകരണം ആവശ്യമുള്ളതിനാൽ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.+

## (20) പന്മന പ്രാദേശിക കേന്ദ്രത്തിന്റെ പ്രവർത്തനം

ഡോ. സുജിത് വിജയൻപിള്ള: സർ, ശ്രീ വിദ്യാധിരാജ ചട്ടമ്പിസ്വാമികളുടെ സമാധി സ്ഥലമായ പന്മന ആശ്രമത്തിന് സമീപമുള്ള പന്മന മനയിൽ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ പ്രാദേശിക കേന്ദ്രം 1995-ലാണ് സ്ഥാപിച്ചത്. അന്ന് നിരവധി പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകളും B.Ed. അടക്കമുള്ള കോഴ്സുകളുമായി തുടങ്ങി. 1999-ൽ അത് യൂണിവേഴ്സിറ്റി നിർത്തുവാൻ ശ്രമമുണ്ടായി. വലിയ ജനകീയ പ്രക്ഷോഭത്തെ തുടർന്ന് 2005-ൽ അത് വീണ്ടും ആരംഭിച്ചു. ജനകീയ പ്രക്ഷോഭത്തിന്റെ ഭാഗമായിതന്നെ ഒന്നര ഏക്കറോളം ഭൂമി ഏകദേശം അവിടെ ജനങ്ങൾ ഇടപെട്ട് വാങ്ങിച്ചു. എം.എൽ.എ. ഫണ്ടുകൾ ഉപയോഗിച്ചുകൊണ്ട്

+ അനുബന്ധമായി ചേർത്തിരിക്കുന്നു.

കെട്ടിടങ്ങൾ നിർമ്മിച്ചു. തുടർന്ന് നാലോളം പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകളുമൊക്കെയായി മുന്നോട്ടുപോകുന്ന അവസരത്തിൽ കഴിഞ്ഞ വർഷം എം.എ. ഇംഗ്ലീഷും എം.എ. ഹിന്ദിയും നിർത്തലാക്കുകയുണ്ടായി. തുടർന്ന് ഈ വർഷം കുട്ടികൾ അഡ്മിഷൻ എടുക്കുന്നുണ്ടെങ്കിലും കോവിഡാനന്തരം കെ.എസ്.ആർ.ടി.സി. ബസ്സുകൾ പുന:സ്ഥാപിക്കാത്തതിനാലും ഹോസ്റ്റൽ സൗകര്യമില്ലാത്തതിനാലും കുട്ടികൾ പിന്നീട് ഹയർ ഓപ്ഷൻ കൊടുത്ത് മാറിപ്പോകുകയാണുണ്ടായത്. ഇങ്ങനെ ലാപ്സ് ആയ സീറ്റുകളിലേയ്ക്ക് എൻട്രൻസ് എഴുതാത്ത കുട്ടികൾക്ക് സ്പോട്ട് അഡ്മിഷൻ എടുക്കുവാനുള്ള അവസരമില്ല. കരുനാഗപ്പള്ളി താലൂക്കിൽ അടുത്തെങ്ങുംതന്നെ എം.എ. ഹിന്ദിക്കോ ഇംഗ്ലീഷിനോ കോഴ്സുകളില്ല. കൊല്ലത്ത് പോയി വേണം പഠിക്കാൻ. എഞ്ചിനീയറിംഗിനും എം.ബി.എ.-യ്ക്കുമടക്കമുള്ള പ്രൊഫഷണൽ കോഴ്സുകൾക്ക് ലാപ്സ്ഡ് സീറ്റുകൾ അങ്ങനെ ഫിൽ ചെയ്യുമ്പോൾ ഈ സംസ്കൃത സർവ്വകലാശാല അതിന് തയ്യാറാകുന്നില്ല. അതിനുവേണ്ട നടപടിയെടുക്കണമെന്ന് ആവശ്യപ്പെടുകയാണ്.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ഈ കേന്ദ്രത്തിൽ ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള

പ്രൊപ്പോസൽ സംസ്കൃത സർവ്വകലാശാലയുടെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്താനായി സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട് എന്നാണ് സർവ്വകലാശാല അറിയിച്ചിട്ടുള്ളത്. പുതിയ കോഴ്സുകൾക്കുവേണ്ടിയുള്ള പ്രൊപ്പോസലുകൾ സർവ്വകലാശാലയിൽനിന്ന് സർക്കാരിന് ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

## (21) **മാലിന്യ സംസ്കരണം**

ശ്രീമതി ഉമ തോമസ്: സർ, കലൂർ സ്റ്റേഡിയത്തിന്റെ പരിസരങ്ങളിൽ സ്ഥിരമായി എല്ലാ വർഷവും ഈ സമയങ്ങളിൽ ഡെങ്കിപ്പനി പടർന്നുപിടിക്കുന്നുണ്ട്. പ്ലാസ്റ്റിക് മാലിന്യങ്ങൾ കെട്ടി റോഡരുകിലും മറ്റും വയ്ക്കുന്നതുമൂലം മഴവെള്ളം കെട്ടിക്കിടക്കുന്നതാണ് ഒരു കാരണം. പിന്നെ കൃത്യമായി ഫോഗിംഗ് നടക്കുന്നില്ല. ഇതിനായി എന്തെങ്കിലും പരിഹാരം കാണാൻ സാധിക്കുമോ?

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, കൊച്ചി കോർപ്പറേഷൻ അതിർത്തിയിൽ മാലിന്യങ്ങൾ

കെട്ടിക്കിടക്കുന്നത് സംബന്ധിച്ചാണ് നോട്ടീസ് നൽകിയിട്ടുള്ളത്. എന്നാൽ കൊച്ചി കോർപ്പറേഷൻ അതിർത്തിയിൽ ജൈവ-അജൈവ മാലിന്യങ്ങൾ കെട്ടിക്കിടക്കുന്ന സാഹചര്യം നിലവിലില്ല. 2021 ജൂലൈ മുതൽ ഹരിത കർമ്മസേനയുടെ സേവനം എല്ലാ ഡിവിഷനുകളിലും ഉറപ്പ് വരുത്തിയിട്ടുണ്ട്. ബാക്കി വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു.

(22) ചുണ്ടപ്പറമ്പ്-വെള്ളാട്-കരുവഞ്ചാൽ റോഡ് നിർമ്മാണം

ശ്രീ. സജീവ് ജോസഫ്: സർ, ഇരിക്കൂർ നിയോജകമണ്ഡലത്തിലെ പ്രധാനപ്പെട്ട റോഡായ കരുവഞ്ചാൽ-വെള്ളാട്-ചുണ്ടപ്പറമ്പ് റോഡിന് ഭരണാനുമതി നൽകണമെന്നാണ് ഈ സബ്മിഷനിലൂടെ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നത്. ടൂറിസം വികസനത്തിന് അനിവാര്യമായ റോഡ് കൂടിയാണിത്. 2022-23 ബഡ്ജറ്റിൽ 15 കോടി രൂപയുടെ 20 ശതമാനം തുക വകയിരുത്തിയ ഈ റോഡിന് ഇതുവരെ ഭരണാനുമതി ലഭിച്ചിട്ടില്ല. 2023-24-ലെ ബഡ്ജറ്റിലെ വർക്കുകൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇരിക്കൂറിലെ റോഡുകളുടെ ദൈർഘ്യം ബഹുമാനപ്പെട്ട മന്ത്രിയുടെ അറിവിലുണ്ട്. 500 കിലോമീറ്ററിലധികം പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളാണ്. ഈ

പ്രത്യേക സാഹചര്യം പരിഗണിച്ച് ഈ റോഡിന്റെ നിർമ്മാണത്തിനുള്ള ഭരണാനുമതി അടിയന്തരമായി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, വിശദമായ മറുപടിയായതിനാൽ മേശപ്പുറത്തുവയ്ക്കുന്നു+.

(23) ടൂറിസം വികസന പദ്ധതി

ശ്രീ. ഡി. കെ. മുരളി: സർ, തിരുവനന്തപുരം ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട നദികളിലൊന്നായ വാമനപുരം നദിയുടെ ഏറ്റവും പ്രകൃതിരമണീയമായ സ്ഥലമാണ് കല്ലറ പഞ്ചായത്തിലെ അരുവിപ്പുറം. അവിടെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 2020-ൽ ഒരു ടൂറിസം പ്രോജക്ട് തയ്യാറാക്കുകയും അനുമതി ലഭിക്കുകയും കരാർ ആകുകയും ചെയ്തു. എന്നാൽ ചില ഘടകങ്ങൾ നടപ്പിലാക്കാനുള്ള പ്രയാസം കാരണം റീ-എസ്റ്റിമേറ്റ് ചെയ്യേണ്ടി വന്നു, അത് സമർപ്പിച്ചിരിക്കുകയാണ്. വലിയ കാലതാമസം വരികയാണ്. അത് നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടാനുള്ളത്.

+ അനുബന്ധമായി ചേർത്തിരിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, വിശദമായ മറുപടിയായതിനാൽ മേശപ്പുറത്തുവയ്ക്കുന്നു+.

(24) എൻ.എച്ച്. 66-ൽ ഫൂട്ട് ഓവർബ്രിഡ്ജ് നിർമ്മാണം

ശ്രീമതി കാനത്തിൽ ജമീല: സർ, കേരളത്തിന്റെ വികസനത്തിന് നാഴികക്കല്ലായി മാറുന്ന എൻ.എച്ച്. 66-ന്റെ വികസനം ദ്രുതഗതിയിൽ മുന്നേറുകയാണ്. കേരളം സമാനതകളില്ലാത്ത നേട്ടങ്ങൾക്കാണ് സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിൽ പൊതുഗതാഗത രംഗത്ത് ഇത് സൃഷ്ടിക്കുന്ന മുന്നേറ്റം പ്രവചനാതീതമാണ്. എന്നിരുന്നാലും ദേശീയപാത കടന്നുപോകുന്ന ചിലമേഖലകളിൽ പാതയുടെ നിർമ്മാണത്തിന്റെ ഭാഗമായി പ്രദേശവാസികൾ വലിയ ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. ഹൈവേ കടന്നുപോകുന്ന പ്രദേശങ്ങളിൽ ജനങ്ങൾക്ക് റോഡിന് മറുഭാഗത്തെത്താനുള്ള കടമ്പകൾ ഏറെയാണ്. അണ്ടർപാസുകൾ വളരെ പരിമിതമായാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്. ലോക്കൽ ബസ് സർവ്വീസുകൾ ഇരുഭാഗത്തുമുള്ള സർവ്വീസ് റോഡുകളിലായിരിക്കുന്നതുകൊണ്ട് ബസ് സ്റ്റോപ്പിൽ ഇറങ്ങുന്ന യാത്രക്കാർക്ക് മറുഭാഗത്തെത്തണമെങ്കിൽ

---
\+ അനുബന്ധമായി ചേർത്തിരിക്കുന്നു.

കിലോമീറ്ററുകളോളം സഞ്ചരിക്കേണ്ട സാഹചര്യമാണ് ഇന്നുള്ളത്. പ്രസ്തുത സാഹചര്യത്തിൽ അണ്ടർപാസില്ലാത്ത പ്രധാന തെരുവുകൾ, സ്കൂളുകൾ, ആരാധനാലയങ്ങൾ, പ്രധാനപ്പെട്ട സ്ഥാപനങ്ങൾ നിലനിൽക്കുന്ന പ്രദേശങ്ങൾ എന്നിവിടങ്ങളിൽ ജനങ്ങൾക്ക് അത്യാവശ്യത്തിന് റോഡ് മുറിച്ചുകടക്കാനുള്ള ഫൂട്ട് ഓവർബ്രിഡ്ജുകൾ നിർമ്മിക്കാൻ ആവശ്യമായ നടപടി കൈക്കൊള്ളണമെന്ന് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയോട് അപേക്ഷിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, മറുപടി മേശപ്പുറത്തുവയ്ക്കുന്നു+.

(25) പുതിയ പാലം നിർമ്മാണം

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, 2018-19 വർഷത്തെ സംസ്ഥാന ബഡ്ജറ്റിന്റെ ഭാഗമായ വാർഷിക പദ്ധതിയിൽ ദേശീയപാതകളെ നഗരങ്ങളുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെ വികസനം എന്ന ഹെഡ്ഡിൽ കേന്ദ്ര പദ്ധതിയെക്കൂടി ബന്ധപ്പെടുത്തി പയ്യന്നൂർ നഗരസഭയേയും കല്യാശ്ശേരി നിയോജകമണ്ഡലത്തിലെ കുഞ്ഞിമംഗലം പഞ്ചായത്തിനേയും

+ അനുബന്ധമായി ചേർത്തിരിക്കുന്നു.

ബന്ധിപ്പിക്കുന്ന റോഡിൽ പെരുമ്പപുഴയ്ക്കു കുറുകെ പുതിയ പാലം പണിയുന്ന പദ്ധതി ഉൾപ്പെട്ടിരുന്നു. പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയായി, ഡിസൈൻ തയ്യാറായിക്കഴിഞ്ഞു, എന്നാൽ ഭരണാനുമതി ലഭിച്ചിട്ടില്ല. പയ്യന്നൂർ നഗരം കാലഘട്ടത്തിനനുസൃതമായി വികസിക്കണമെങ്കിൽ പെരുമ്പ പുതിയപാലം യാഥാർത്ഥ്യമാകണം. പ്രസ്തുത പാലത്തിന് ഏതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോയെന്നുള്ളതിനാണ് ഈ സബ്മിഷൻ.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, മറുപടി മേശപ്പുറത്തുവയ്ക്കുന്നു+.

(26) സൗന്ദര്യവത്കരണ പ്രവൃത്തികൾ

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, കേരളത്തിലെ തന്നെ ഏറ്റവും വലിയ ബീച്ചുകളിലൊന്നാണ് മുനയ്ക്കൽ മുസിരിസ് ഡോൾഫിൻ ബീച്ച്. മിയാവാക്കി കാടുകളുള്ള തൃശ്ശൂർ ജില്ലയിലെ വലിയ വിനോദസഞ്ചാര കേന്ദ്രം കൂടിയാണിത്. ദിനംപ്രതി ആയിരക്കണക്കിനാളുകൾ എത്തുന്ന ഈ ബീച്ച്

+ അനുബന്ധമായി ചേർത്തിരിക്കുന്നു.

വളരെ പ്രധാനപ്പെട്ടതാണ്. മുസിരിസ് പൈതൃക പദ്ധതിയുടെ ഭാഗമായി 2021-ൽ അതിന്റെ സൗന്ദര്യവത്കരണ പ്രവർത്തനങ്ങൾ ആരംഭിച്ചു. എന്നാൽ പല കാരണങ്ങൾകൊണ്ട് നവീകരണ പ്രവർത്തനങ്ങൾ ഇപ്പോൾ തൽക്കാലം നിർത്തിവച്ചിരിക്കുകയാണ്. 40 ശതമാനം പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്. ബീച്ചിന്റെ പ്രാധാന്യം മനസ്സിലാക്കി സൗന്ദര്യവത്കരണ പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ചില സാങ്കേതിക കാരണങ്ങളാൽ പ്രസ്തുത പ്രവൃത്തി തടസ്സപ്പെട്ടിട്ടുണ്ട്. അത് പരിഹരിച്ച് പ്രവൃത്തി പുനരാരംഭിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു[+].

## (27) റെയിൽവേ മേൽപ്പാല നിർമ്മാണം

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ കണ്ണൂർ റോഡും തീരദേശ റോഡും തമ്മിൽ ബന്ധിപ്പിക്കുന്ന പാവങ്ങാട് റെയിൽവേ മേൽപ്പാലം 2015-ൽ റെയിൽവേ പൂർത്തിയാക്കി. പക്ഷെ

---

\+ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഇതുവരെ അതിന്റെ അപ്രോച്ച് റോഡ് പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. അവിടെ സ്ഥലം ഏറ്റെടുക്കുന്നതിൽ വന്ന പ്രശ്നങ്ങളാണ് ഇത്രയും നീണ്ടുപോകാൻ ഇടയായത്, അത് പരിഹരിക്കപ്പെട്ടു. അതിനാവശ്യമായ തുക വകയിരുത്താൻവേണ്ടി പൊതുമരാമത്ത് വകുപ്പുമന്ത്രി ഇടപെട്ടതിന്റെ ഭാഗമായിട്ടാണ് ഈ നിലയിലെത്തിയത്. അത് പൂർത്തീകരിച്ച് നടപ്പിലാക്കിയാൽ നഗരത്തിലെ ഗതാഗതക്കുരുക്ക് ഒരു പരിധിവരെ ഒഴിവാക്കാൻ കഴിയും. അതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, പുതുക്കിയ ഭരണാനുമതി നൽകുന്നത് ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. ധനകാര്യ വകുപ്പിന്റെ തീരുമാനം ലഭ്യമായതിനുശേഷം തുടർ നടപടികൾ സ്വീകരിക്കാം. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു+.

(28) വക്കം-കായിക്കര കടവ് പാലം നിർമ്മാണം

ശ്രീമതി ഒ. എസ്. അംബിക: സർ, ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ തീരദേശ ഗ്രാമമാണ് വക്കം. മൂന്നുവശവും

+ അനുബന്ധമായി ചേർത്തിരിക്കുന്നു.

കായലുകളും നാലാമത്തെവശം റെയിൽവേ ട്രാക്കുമാണ്. ഇതുകാരണം ഗതാഗതത്തിന് ബുദ്ധിമുട്ടാണ്. ഈ സാഹചര്യത്തിലാണ് വക്കത്തെ തീരദേശപാതയിലെ കായിക്കരയുമായി ബന്ധിപ്പിക്കുന്ന വക്കം-കായിക്കര പാലം നിർമ്മിക്കുന്നതിന് അനുമതി ലഭിക്കുന്നത്. പക്ഷേ നടപടികൾക്ക് കാലതാമസം നേരിടുന്നതിനാൽ പാലം നിർമ്മാണം അടിയന്തരമായി ആരംഭിച്ച് പൂർത്തീകരിക്കേണ്ട പ്രാധാന്യത്തിലേയ്ക്ക് സഭയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു+.

(29) കാസർഗോഡ് മെഡിക്കൽ കോളേജിന്റെ പ്രവർത്തനം മെച്ചപ്പെടുത്തൽ

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, നമ്മൾ സബ്മിഷൻ സഭയിൽ ഉന്നയിക്കുന്നത് നാട്ടിലെ പ്രശ്നങ്ങൾ പരിഹരിക്കുമെന്നുള്ള പ്രത്യാശയോടും പ്രതീക്ഷയോടും കൂടിയാണ്. എന്നാൽ അങ്ങനെയുള്ള പ്രതീക്ഷയോടുകൂടിയല്ല ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നതെന്ന് ആദ്യമേ പറയാൻ ആഗ്രഹിക്കുകയാണ്. ജനങ്ങൾക്ക് നമ്മളെക്കുറിച്ച് ഒരു ധാരണയുണ്ട്,

+ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഒരുപാട് പ്രതീക്ഷകളുണ്ട്, ഈയൊരു സംവിധാനം നമ്മൾ ഉപയോഗിക്കുന്നുവെന്ന്. അതുകൊണ്ട് ഈ അവസരം നമ്മൾ നല്ലതുപോലെ ഉപയോഗപ്പെടുത്തുന്നുവെന്ന് ജനങ്ങൾ മനസ്സിലാക്കിക്കൊള്ളട്ടേയെന്ന് വിചാരിച്ചാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. കാസർഗോഡ് മെഡിക്കൽ കോളേജിനെക്കുറിച്ചാണ് ഞാൻ പറയാൻ പോകുന്നത്. (...ബഹളം.....) വിഷയത്തിന്റെ ഗൗരവം നിങ്ങൾക്കറിയില്ല. ഒരേവർഷം തറക്കല്ലിട്ട രണ്ട് മെഡിക്കൽ കോളേജുകൾ കേരളത്തിലുണ്ട്, ഒന്ന് കാസർഗോഡും മറ്റൊന്ന് ഇടുക്കിയും. ഇടുക്കി മെഡിക്കൽ കോളേജ് പണി പൂർത്തിയായി ചികിത്സയും എം.ബി.ബി.എസ്. കോഴ്സും തുടങ്ങി. കാസർഗോഡ് ഉക്കിനഡുക്ക മെഡിക്കൽ കോളേജ് ഇപ്പോൾ ഒരു അസ്ഥികൂടാരമാണ്. ഇതുസംബന്ധിച്ച് പല തവണ സബ്മിഷൻ അവതരിപ്പിക്കുകയും ചോദ്യങ്ങളായി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അപ്പോഴൊക്കെ പറയുന്നത് കിഫ്ബിയിൽനിന്നും 160 കോടി രൂപ ലഭിക്കാനുണ്ടെന്നാണ്. കിഫ്ബി പ്രസ്തുത തുക അനുവദിച്ചിട്ട് കാസർഗോഡ് മെഡിക്കൽ കോളേജ് ഈ അടുത്തകാലത്ത് യാഥാർത്ഥ്യമാകുമോ? ഒരു ജനപ്രതിനിധിയെന്ന നിലയിൽ

ഞാൻ സഭയിൽ ഈ പ്രശ്നം അവതരിപ്പിച്ചുവെന്ന് ജനങ്ങൾ അറിയട്ടെ. കാസർഗോഡ് മെഡിക്കൽ കോളേജ് എന്താകും, എന്താണെന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയട്ടെ?

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാസർഗോഡ് മെഡിക്കൽ കോളേജിന് 2012-ലാണ് അനുമതി ലഭിച്ചതെങ്കിലും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2016-ലാണ് അവിടെ നിർമ്മാണം ആരംഭിച്ചത്. ഇടുക്കി മെഡിക്കൽ കോളേജ് അവിടെയൊരു ജില്ലാ ആശുപത്രിയിലാണ് പ്രവർത്തനം ആരംഭിച്ചത്. കാസർഗോഡ് മെഡിക്കൽ കോളേജ് ആശുപത്രിയുള്ള സ്ഥലത്തല്ല തുടങ്ങിയിട്ടുള്ളത്, 168 കോടി രൂപയുടെ കിഫ്ബി അനുവദിച്ച പ്രവൃത്തി കാസർഗോഡ് മെഡിക്കൽ കോളേജിൽ ഇപ്പോൾ നടക്കുന്നുണ്ട്. എം.ബി.ബി.എസ്. അഡ്മിഷൻ നൽകുന്നതിന് മൂന്ന് വർഷം പ്രവർത്തിക്കുന്ന ആശുപത്രിവേണം. അതുകൊണ്ട് ആശുപത്രിയുടെ നിർമ്മാണം  പൂർത്തിയാക്കി, കേരള ആരോഗ്യ സർവ്വകലാശാലയുടെയും എൻ.എം.സി. (നാഷണൽ മെഡിക്കൽ കമ്മീഷൻ)യുടേയും അനുമതിയോടുകൂടി അവിടെ എം.ബി.ബി.എസ്. അഡ്മിഷൻ

നൽകുന്നതുൾപ്പെടെയുള്ള കാര്യങ്ങൾക്കുള്ള പരിശ്രമവും പ്രവർത്തനവും നടത്തുകയാണ്. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു.+

(30) താലൂക്ക് ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ

ശ്രീ. ജി. എസ്. ജയലാൽ: സർ, എന്റെ നിയോജകമണ്ഡലത്തിലെ പരവൂർ നെടുങ്ങോലം രാമറാവു മെമ്മോറിയൽ ഗവൺമെന്റ് താലൂക്ക് ആശുപത്രിയിൽ എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളുണ്ടെങ്കിലും താലൂക്ക് ആശുപത്രിയായി ഉയർത്തി ഒന്നര ദശാബ്ദം കഴിഞ്ഞിട്ടും അനുബന്ധ സ്റ്റാഫുകളില്ലാത്തതിനാൽ ആശുപത്രി പ്രവർത്തനം പ്രതിസന്ധിയിലാണ്. ആയിരത്തി ഇരുന്നൂറോളം രോഗികൾ വന്നുകൊണ്ടിരുന്ന ആശുപത്രിയാണ്, ഇപ്പോൾ പ്രവർത്തനങ്ങൾ ഡിസോർഡർ ആയതിന്റെ പേരിൽ പാവപ്പെട്ട രോഗികൾ ദൂരസ്ഥലങ്ങളിലേയ്ക്ക് പോകേണ്ട അവസ്ഥയാണ്. ജീവനക്കാരുടെ വീക്കിലി ഓഫ്, മറ്റ് അടിയന്തര ലീവുകൾ എന്നിവ വരുമ്പോൾ ഒന്നോ രണ്ടോ ഡോക്ടർമാരെക്കൊണ്ടു മാത്രം ആശുപത്രി പ്രവർത്തിപ്പിക്കേണ്ട സ്ഥിതിയാണ്, വളരെ ഗൗരവകരമായ സ്ഥിതിവിശേഷമാണ്. ഇവിടെ ആവശ്യമായ തസ്തിക സൃഷ്ടിക്കാൻ വേണ്ടിയുള്ള ഫയൽ നിരവധി

+ അനുബന്ധമായി ചേർത്തിരിക്കുന്നു.

തവണകളായി ഗവൺമെന്റിന്റെ പരിഗണനയിൽ എത്തിയിട്ടുണ്ടെങ്കിലും ഇതുവരെ തസ്തിക സൃഷ്ടിക്കപ്പെട്ടിട്ടില്ല. അടിയന്തര പ്രാധാന്യം കൊടുത്തുകൊണ്ട് നെടുങ്കണ്ടം താലൂക്ക് ആശുപത്രിക്ക് ആവശ്യമായ തസ്തികകൾ അനുവദിക്കാനുള്ള നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, നെടുങ്കണ്ടം താലൂക്ക് ആശുപത്രിയിൽ ആർദ്രം സ്റ്റാന്റേർഡൈഡേസേഷൻ പ്രകാരമുള്ള സൗകര്യങ്ങളും തസ്തികകളും മുൻഗണനാടിസ്ഥാനത്തിൽ ക്രമീകരിക്കുന്നതാണ്. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു.+

(31) ചാലക്കുടി താലൂക്ക് ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ചാലക്കുടി താലൂക്ക് ആശുപത്രി സാധാരണക്കാരായിട്ടുള്ള ആദിവാസികളും പാവപ്പെട്ട തോട്ടം തൊഴിലാളികളുമുൾപ്പെടെയുള്ളയവർ ആശ്രയിക്കുന്ന ഒരു ആശുപത്രിയാണ്. മികച്ച സർക്കാർ ആശുപത്രിയായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഈ ആശുപത്രിയിൽ ഡോക്ടർമാരുടെയും മറ്റ് ആരോഗ്യപ്രവർത്തകരുടെയും

+ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഒഴിവുകൾ നികത്താത്തതുകൊണ്ട് ഇപ്പോൾ വളരെ ദയനീയമായ അവസ്ഥയിലാണ്. എൻ.എച്ച്.എം. ധനസഹായത്തോടെ ബേൺസ് യൂണിറ്റ് ആരംഭിക്കുമെന്ന് പറഞ്ഞിട്ട് ഇതുവരെ ആരംഭിച്ചിട്ടില്ല. തസ്തികകൾ സൃഷ്ടിക്കാത്തതുകൊണ്ട് ഉദ്ഘാടനം കഴിഞ്ഞ ട്രോമാകെയർ യൂണിറ്റും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ഇവിടെ കാർഡിയോളജി, ഡെർമറ്റോളജി വിഭാഗങ്ങൾ ആരംഭിക്കുകയും ഡയാലിസിസ് ടെക്നീഷ്യൻ, ഫോറൻസിക് സർജൻ തുടങ്ങിയ തസ്തികകൾ അനുവദിക്കുകയും ചെയ്യണം. വളരെ സാധാരണക്കാരായ ആളുകൾ ആശ്രയിക്കുന്ന ഈ ആശുപത്രിയിൽ നിലവിൽ പോസ്റ്റുമോർട്ടം ചെയ്യാൻപോലും തയ്യാറാകാത്ത ഡോക്ടർമാർ അടക്കമുള്ള ജീവനക്കാരാണുള്ളത്. പ്രതിദിനം ആയിരത്തിഅറുനൂറിലധികം ഔട്ട്പേഷ്യന്റുള്ളതും ഏറ്റവും മികച്ച ആശുപത്രിയായി തെരഞ്ഞെടുക്കപ്പെട്ടതുമായ ഈ ആശുപത്രിയുടെ മുന്നോട്ടുപോക്കിന് അടിയന്തരമായി ഇടപെട്ടുകൊണ്ട് ആവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, കഴിഞ്ഞ സർക്കാരിന്റേയും ഈ സർക്കാരിന്റേയും കാലത്ത് 17 തസ്തികകളാണ് അവിടെ പുതിയതായി സൃഷ്ടിച്ചത്, താലൂക്കാശുപത്രി

തലത്തിലുള്ള തസ്തികകളാണ് അവിടെ സൃഷ്ടിക്കാൻ കഴിയുന്നത്. അതുപോലെ ബേൺസ് യൂണിറ്റ് 2023-24 വർഷം അനുവദിച്ചിട്ടേയുള്ളൂ, എത്രയും വേഗം ഉചിതമായ സ്ഥലം കണ്ടെത്തി അതിന്റെ നിർമ്മാണത്തിനുള്ള നടപടികൾ ആരംഭിക്കുന്നതാണ്. അതുകൂടാതെ സമഗ്രവികസന പാക്കേജിന്റെ ഭാഗമായി ഈ ആശുപത്രിതലത്തിൽ നടത്തേണ്ടതായിട്ടുള്ള ഗ്യാപ് അനാലിസിസ് നടത്തി ബാക്കിയുള്ളവ ഘട്ടംഘട്ടമായി ചെയ്യുന്ന കാര്യം പരിഗണനയിലാണ്. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു.+

(32) <u>റോഡ് നവീകരണം</u>

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, എന്റെ നിയോജകമണ്ഡലത്തിലെ പ്രധാനപ്പെട്ട പല റോഡുകളും ഇപ്പോൾ പൊട്ടിപ്പൊളിഞ്ഞ അവസ്ഥയിലാണുള്ളത്. 10 വർഷം മുമ്പ് മെക്കാഡം ടാർ ചെയ്തിരുന്ന താലൂക്ക് ആസ്ഥാനത്തേയ്ക്കുള്ള ഇരിട്ടി-പേരാവൂർ-നെടുമ്പൊയിൽ, മാടത്തിൽ-കീഴ്പ്പള്ളി-ആറളം, ഇരിട്ടി-ഉളിക്കൽ-മാട്ടറ എന്നീ റോഡുകളും പകുതിമാത്രം ബി.എം.&ബി.സി. ചെയ്ത് നിർത്തിയ റോഡുകളും അതുപോലെ

+ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഇത്തരത്തിലുള്ള മറ്റ് റോഡുകളുമുണ്ട്. എല്ലാത്തിനെക്കുറിച്ചും ഞാൻ പറയുന്നില്ല. താലൂക്ക് ആസ്ഥാനത്തേയ്ക്കുള്ള റോഡുകൾ ഉൾപ്പെടെ ഏറ്റവും പ്രധാനപ്പെട്ട റോഡുകൾ ഏതെങ്കിലും നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കാനും മറ്റ് റോഡുകൾ ബി.എം.&ബി.സി. നിലവാരത്തിലല്ലെങ്കിലും ഗതാഗതയോഗ്യമാക്കത്തക്ക രീതിയിലുള്ള നവീകരണത്തിനും അടിയന്തര നടപടി സ്വീകരിക്കണമെന്ന് സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത് - വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, വിശദമായ മറുപടിയായതിനാൽ മേശപ്പുറത്ത് വയ്ക്കുന്നു.+

(33) മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കൽ

ശ്രീ. എച്ച്. സലാം: സർ, മെഡിക്കൽ കോളേജുകളിൽ അക്കാദമിക് രംഗവും ചികിത്സാ രംഗവും മെച്ചപ്പെടുത്തുന്നതിനായി കോടിക്കണക്കിന് രൂപയുടെ പദ്ധതികളാണ് ഗവൺമെന്റ് നടപ്പിലാക്കുന്നത്. ആലപ്പുഴ ജില്ലയിലുൾപ്പെടെ ഇതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുകയും

\+ അനുബന്ധമായി ചേർത്തിരിക്കുന്നു.

നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്, അവിടെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. പ്രസ്തുത ആശുപത്രിയിലെ സാംഗ്ഷൻഡ് ബെഡ് 1051 ആണെങ്കിലും ഫംഗ്ഷണൽ ബെഡ് 1572 ആണ്. രോഗികളുടെ എണ്ണം കൂടുന്നതിനനുസരിച്ച് ജീവനക്കാരുടെ അഭാവവും വളരെ പ്രകടമാണ്. ഗൈനക്കോളജി, ജനറൽ മെഡിസിൻ, ന്യൂറോസർജറി, കാർഡിയോ തൊറാസിക്, കാർഡിയോളജി, ജനറൽ മെഡിസിൻ തുടങ്ങിയവയിൽ സാംഗ്ഷൻ ചെയ്യപ്പെട്ട 28-ഓളം തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. കൂടാതെ അധിക തസ്തികകൾ അനുവദിക്കേണ്ടതുമുണ്ട്. അതുകൊണ്ട് കൂടുതൽ രോഗികൾ ആശ്രയിക്കുന്ന ഈ മെഡിക്കൽ കോളേജിന്റെ സൗകര്യം മെച്ചപ്പെടുത്തുന്നതിനായി നിലവിലെ ഒഴിവുകൾ നികത്തുകയും കൂടുതൽ തസ്തികകൾ അനുവദിക്കാനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുകയും ചെയ്യണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ഈ വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. നോംസ്

അനുസരിച്ച് കാര്യങ്ങൾ ചെയ്യുന്നതാണ്, വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു.+

## (34) ബസ് സർവ്വീസുകളുടെ പുനഃസ്ഥാപനം

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, മണ്ണാർക്കാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിലുള്ള എല്ലാ ബസ്സുകളും 15 കൊല്ലത്തിലധികം പഴക്കമുള്ളതാണ്. കെ.എസ്.ആർ.ടി.സി.യുടെ പ്രസ്തുത ഡിപ്പോയിൽനിന്നാണ് അട്ടപ്പാടി ഉൾപ്പെടെയുള്ള പ്രദേശങ്ങളിലേയ്ക്ക് ബസ് സർവ്വീസ് നടത്തുന്നത്. അട്ടപ്പാടി ചുരംവഴി പോകുമ്പോൾ പല ബസ്സുകളും അപകടത്തിൽപ്പെടുന്നത് ഇപ്പോൾ പതിവായിക്കൊണ്ടിരിക്കുകയാണ്. സാധാരണക്കാർ യാത്രചെയ്യുന്ന അട്ടപ്പാടി ചുരത്തിൽ പലപ്പോഴും വലിയ അപകടങ്ങൾ ഉണ്ടാകുകയാണ്. ഈയടുത്ത് ബ്രേക്ക് ഡൗൺ ആയ ഒരു ബസ് ചുരത്തിൽനിന്നും താഴേയ്ക്ക് പതിക്കുന്ന സ്ഥിതിയുണ്ടായെങ്കിലും ഭാഗ്യത്തിന് ഒരു കല്ലിൽ തട്ടിനിന്നതുകൊണ്ട് വലിയൊരു അപകടം ഒഴിവായി. അതുപോലെതന്നെ സാധാരണക്കാർ ധാരാളമായി കെ.എസ്.ആർ.ടി.സി.യെ ആശ്രയിക്കുന്ന ഒരു പ്രദേശമാണിത്. കോവിഡ് കാലത്ത് നിർത്തലാക്കിയ പല സർവ്വീസും

---
\+ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഇപ്പോഴും പുനരാരംഭിച്ചിട്ടില്ല. എല്ലാം പഴക്കംചെന്ന വണ്ടികളായതിനാൽ ചുരത്തിലൂടെ സർവ്വീസ് നടത്തുമ്പോൾ വലിയതോതിലുള്ള പ്രയാസം അനുഭവപ്പെടുന്നുണ്ട്. അതുകൊണ്ട് മണ്ണാർക്കാട് ഡിപ്പോയിലെ പഴക്കംചെന്ന ബസുകൾ മാറ്റി പുതിയ ബസുകൾ അനുവദിക്കാനും കോവിഡ് കാലത്ത് നിർത്തലാക്കിയ സർവ്വീസുകൾ പുനരാംരംഭിക്കാനും നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

ഗതാഗത വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയ പ്രകാരം പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഇതുസംബന്ധിച്ച് സാധ്യതാപഠനം നടത്തി റിപ്പോർട്ട് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു.+

(35) മോട്ടോർ വെഹിക്കിൾ സെന്ററിന്റെ പ്രവർത്തനം

ശ്രീ. മോൻസ് ജോസഫ്: സർ, കടുത്തുരുത്തി അസംബ്ലി നിയോജകമണ്ഡലത്തിൽപ്പെട്ട ഉഴവൂർ ജോയിന്റ് ആർ.ടി.ഒ. ഓഫീസിന്റെ കീഴിലുള്ള മോനിപ്പള്ളി മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിന്റെ യൂണിറ്റ്

+ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഇപ്പോൾ അടച്ചുപൂട്ടൽ ഭീഷണിയിലാണ്. ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി സ്ഥലം സന്ദർശിച്ച് പ്രശ്നങ്ങൾ നേരിട്ട് പരിശോധിക്കുകയും തുടർനടപടികൾക്കായി ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. പക്ഷേ അതിനനുസരിച്ച് തുടർനടപടികൾ സ്വീകരിച്ചിട്ടില്ല എന്നുള്ളതാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. ഗവൺമെന്റ് അടിയന്തരമായി മോനിപ്പള്ളി മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിന്റെ യൂണിറ്റ് അപ്ഗ്രേഡ് ചെയ്യാനും കൂടുതൽ പദ്ധതികൾ നടപ്പാക്കാനും കഴിയുന്നവിധത്തിൽ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

ഗതാഗത വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയ പ്രകാരം പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>): സർ, മറുപടി മേശപ്പുറത്തുവയ്ക്കുന്നു.+

(മേശപ്പുറത്ത് വച്ച കടലാസുകൾ)

+ അനുബന്ധമായി ചേർത്തിരിക്കുന്നു.